ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

* 890. [1258] ശ്രീ. പി. കെ. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനു കീഴിൽ പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന വർക്കുഷാപ്പുകളുടെ സ്ഥലനിർണ്ണയം നടത്തിക്കഴിഞ്ഞുവോ ; എങ്കിൽ എവിടെയൊക്കെ ;

(ബി) ഈ വർക്കുഷാപ്പുകൾവഴി നടക്കുമെന്നു പ്രതീക്ഷിക്കുന്ന പ്രവർത്തനങ്ങളും അതുകൊണ്ട് കൃഷിക്കാർക്കുള്ള പ്രയോജനവും എന്ത് ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ):

(എ) കോർപ്പറേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വർക്കുഷാപ്പുകളുടെ സ്ഥലനിർണ്ണയം ചെയ്തുകഴിഞ്ഞിട്ടില്ല.

(ബി) കോർപ്പറേഷൻ സ്ഥാപിക്കാനായി ഉദ്ദേശിക്കുന്ന വർക്കുഷോപ്പുകൾ പ്രധാനമായും കാർഷികയന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും മറ്റും ഓവർഹാളിംഗ്, അറ്റകുറ്റപ്പണികൾതീർക്കൽ എന്നിവയ്ക്കുവേണ്ടിയാണ്.

ശ്രീ. പി. കെ. രാഘവൻ : സ്ഥലനിർണ്ണയം എന്നത്തേക്കു നടത്താനാണ് ഉദ്ദേശിക്കുന്നത് ? എല്ലാ താലൂക്കിലും കാണുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ട്രാക്ടറുകൾ കൂടുതൽ പ്രവർത്തിക്കുന്ന പ്രദേശങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും മിക്കവാറും. എല്ലാ ജില്ലകളിലും സർവ്വീസ് സ്റ്റേഷൻ ഉണ്ടാക്കുക.

ശ്രീ. എം. കെ. ജോർജ്ജ് : ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ പൗവ്വർ ടില്ലറുകൾ ഈ സംസ്ഥാനത്തുതന്നെ ഉണ്ടാക്കുന്നതിനുള്ള നടപടിയെടുക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറയുകയുണ്ടായി. അതിന്റെ പ്രവർത്തനം ആരംഭിക്കുന്നുണ്ടോ, അതിനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അങ്ങനെ ഞാൻ ഇതിനു മുൻപു പറഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. പക്ഷേ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ രൂപീകരണത്തിനു മുൻപു തന്നെ ഇവിടെ പൗവ്വർ ടില്ലർ ഉൽപ്പാദിപ്പിക്കുന്നതിനു സൗകര്യമുണ്ടോ എന്നുള്ള കാര്യത്തെപ്പറ്റി ചില ആലോചനകളൊക്കെ നടന്നതാണ്. അതു പ്രാവർത്തികമാക്കുന്നതിന് ലൈസൻസ് ഉണ്ടായിരുന്ന ആളുകൾ സന്നദ്ധരായി വരാത്തതുകൊണ്ടാണ് നടക്കാതിരുന്നത്.

ശ്രീ. ടി. എ. മജീദ്: ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ എത്ര ട്രാക്ടറുകളുണ്ട് ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ട്രാക്ടറുകൾക്കുള്ള ഓർഡറുകൾ കൊടുത്തിരിക്കുന്നതല്ലാതെ ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : സർവ്വീസ് സ്റ്റേഷനുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ അതോ പ്രത്യേക ജില്ലകളിൽ മാത്രമേയുള്ളോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം എൻ. ഗോവിന്ദൻ നായർ : കാർഷിക പ്രാധാന്യമുള്ള പ്രദേശങ്ങളിലായിരിക്കും.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : ഏതൊക്കെയാണ് ജില്ലകൾ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അത് തീരുമാനിച്ചു കഴിഞ്ഞിട്ടില്ലെന്നു ആദ്യം തന്നെ പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. പി. ജോർജ്ജ് : നമ്മുടെ സംസ്ഥാനത്ത് എത്ര വർക്കുഷോപ്പുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഓരോ ജില്ലയിലും എത്ര വീതം ഉണ്ടാകുമെന്നും പറയാൻ മനസ്സുണ്ടാകുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. മാണി : ഉദ്ദേശം ആയിരത്തോളം അപേക്ഷകർ റഷ്യൻ ട്രാക്ടറുകളും ചെക്കോസ്ലോവാക്യൻ ട്രാക്ടറുകളും പ്രതീക്ഷിച്ച് പണവും കെട്ടിവച്ച് കഴിയുകയാണ്. അതു കിട്ടാൻ ഇത്ര കാലതാമസം എന്താണ് ? അവിടെ നിന്നും കിട്ടുകയില്ലെങ്കിൽ വേറെ എവിടെനിന്നെങ്കിലും വാങ്ങാൻ ഏർപ്പാടു ചെയ്തുകൂടേ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ രണ്ടുതരം ട്രാക്ടറുകൾക്കും വളരെയധികം അപേക്ഷകൾ കിട്ടിയിട്ടുണ്ട്. എന്നാൽ ആകെ ഇൻഡ്യയിൽ ഇറക്കുമതിചെയ്യുന്നതിൽ കേരളത്തിന്റെ കോട്ടാ അനുസരിച്ചുമാത്രമേ നമുക്കു വിതരണം നടത്താൻ കഴിയൂ. മറിനും ട്രാക്ടറുകൾ വാങ്ങുന്നതിനുള്ള ഏർപ്പാടുകൾ ഇപ്പോൾത്തന്നെയുണ്ട്. പക്ഷേ റഷ്യൻ ട്രാക്ടറുകൾക്ക് വില വളരെ കുറവായതുകൊണ്ട് അവ വാങ്ങുന്നതിനു വേണ്ടിയാണ് അപേക്ഷ തരുന്നത്. ഇൻഡ്യയിലുള്ള ട്രാക്ടറുകൾ വാങ്ങുന്നതിനുവേണ്ട സൗകര്യംചെയ്തുകൊടുക്കുന്നതിന് ആഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ സൗകര്യംചെയ്തുകൊടുക്കുന്നുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) : റഷ്യൻ ട്രാക്ടറുകളെക്കാൾ വിലക്കൂടുതലാണ് ഇന്ത്യൻ പൗവ്വർ ടില്ലറുകൾക്ക്. അതുകൊണ്ട് ഇതു വിറ്റഴിയാൻ വിഷമമാണ്. അതുകൊണ്ട് വില ചുരുക്കാൻവേണ്ടി വല്ല നടപടിയും സ്വീകരിക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണ്. ടില്ലറുകൾക്ക് റഷ്യൻ ട്രാക്ടറുകളേക്കാൾ വിലക്കൂടുതൽവരും. അതുകൊണ്ടാണ് കുറഞ്ഞവിലയ്ക്ക് ഇവിടെ ഉൽപ്പാദിപ്പിക്കാൻ കഴിയുമോ എന്നു പരിശോധിക്കുന്നത്. നെയ്വേലിൽകര കമ്പനിക്കാർ ഒരു പൗവ്വർ ടില്ലറിന്റെ മാതൃക ഉണ്ടാക്കി കഴിഞ്ഞ എക്സിബിഷനു പ്രദർശിപ്പിച്ചിട്ടുണ്ടായിരുന്നു. അത് നല്ലതാണോ എന്നു പരിശോധിച്ചശേഷം കൊള്ളാമെങ്കിൽ അതോ അല്ലെങ്കിൽ അതുപോലെയുള്ളതോ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുന്നതിന് ശ്രമിക്കുന്നതായിരിക്കും ലാഭകരമായി വിതരണംചെയ്യുന്നതിനു സഹായകമാവുക.

ശ്രീ. പി. കുഞ്ഞൻ : പാലക്കാട് ഒന്നാംവിള ഇറക്കാറായി. ഇതുവരെയായിട്ടും ഇതിന്റെ പ്രവർത്തനം നടന്നുകാണുന്നില്ല. അതുകൊണ്ട് ഒന്നാംവിള ഇറക്കുന്നതിനു മുൻപായി ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനം തുടങ്ങാനും കൃഷിക്കാവശ്യമായ ഉപകരണങ്ങൾ നൽകാനും മനസ്സുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇപ്പോൾ ലക്നൗവിൽ നിന്നും കുറെ ട്രാക്ടറുകൾ (ചക്കോസ്ലോവാക്യയിൽ ഉണ്ടാക്കിയത്) അനുവദിച്ചിട്ടുണ്ട്. അതു കൊണ്ടുവരുന്നതിനായി ആൾ പോയിട്ടുണ്ട്. വന്നാൽ ഉടനെ തരാം.

ശ്രീ. കെ. എം. മാണി : കുറഞ്ഞ വിലയ്ക്ക് പോളണ്ടിൽ നിന്നും ട്രാക്ടറുകൾ കിട്ടുമല്ലോ. അവിടെ നിന്നും വാങ്ങാൻ ശ്രമിച്ചുകൂടേ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇൻഡ്യാഗവൺമെന്റ് ണ് അതു നിർദ്ദേശിക്കേണ്ടത്. ഇൻഡ്യാ ഗവൺമെന്റിന്റെ നിർദ്ദേശങ്ങളുടെ കൂട്ടത്തിൽ പോളണ്ടു കാണുന്നില്ല.

ശ്രീ. ബി. മാധവൻ നായർ: തിരുവനന്തപുരം ചാക്ക ഗവൺമെന്റു വർക്കുഷാപ്പിൽ പന്ത്രണ്ടോളം ആധുനികരീതിയിലുള്ള ഷെഡ്ഡുകളും വർക്കുഷാപ്പു പകരണങ്ങളും കാരണമായിട്ടുപയോഗിക്കാതെ ഇട്ടിരിക്കുകയാണ്. അദ്ദേഹം ഇൻഡസ്ട്രീസു കോർപ്പറേഷന്റെ വർക്കുഷാപ്പായി ഇത് ഉപയോഗപ്പെടുത്താൻ പറ്റുമോ എന്നു ബഹുമാനപ്പെട്ട മന്ത്രി നേരിട്ടു പരിശോധിക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അദ്ദേഹം ഇൻഡസ്ട്രീസു കോർപ്പറേഷന്റെ വർക്കുഷാപ്പിൽ ട്രാക്ടറുകൾ നിർമ്മിക്കുക, 'ഒ വർഹാം' പെയ്യുക എന്നിങ്ങനെയുള്ള ജോലികളാണു നടത്താൻ ഉദ്ദേശിക്കുന്നത്. ചാക്ക ഗവൺമെന്റു വർക്കുഷാപ്പിൽ മറ്റു പലതരം ഉപകരണങ്ങൾ ഉൽപാദിപ്പിക്കാനുള്ള സാധ്യതകളുമുള്ളതാണ്.

ശ്രീ. എ. പി. കുര്യൻ : വിലക്കുടുതൽമാത്രമല്ല, പ്രായോഗികരംഗത്ത് പവ്വർടില്ലറുകൾ പരാജയമാണെന്നു പരക്കെ അഭിപ്രായമുള്ള സ്ഥിതിക്ക് അതു വീണ്ടും ഉൽപാദിപ്പിക്കുന്ന കാര്യത്തെക്കുറിച്ചു ഗവൺമെന്റു ആലോചിച്ചതിനുശേഷം ഒരു തീരുമാനം എടുക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : തീർച്ചയായിട്ടും ആലോചിക്കാം. ഇന്നു പവ്വർടില്ലറുകൾ പ്രായോഗപ്പെടാതിരിക്കാൻ പ്രധാന കാരണം, സ്പെയർ പാർട്സുകിട്ടാനുള്ള അസൗകര്യമാണ്. സ്പെയർ പാർട്സുകൾ കിട്ടാൻ സൗകര്യം ഉണ്ടെങ്കിൽ, ടില്ലറുകൾ ഉപയോഗിച്ച് പുരയിടങ്ങളും, തെങ്ങിൻതോപ്പുകളും കമുകിൻതോപ്പുകളും ഇളക്കുതിരിക്കാൻ സൗകര്യമായിരിക്കും.

സേവനസംഘടനകൾക്കുള്ള കേന്ദ്രഗ്രാന്റ്

* 891 [1259] ശ്രീ പി. പി. കൃഷ്ണൻ:

,, തോട്ടി. കെ. രാമകൃഷ്ണൻ :

,, ഇ. ബാലാനന്ദൻ :

,, വി. എസ്. അച്യുതാനന്ദൻ :

,, തോട്ടി. എം. മീതിയൻ: തൊഴിൽ കാണാത്ത ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളത്തിലെ സേവനസംഘടനകൾക്കുള്ള കേന്ദ്രഗ്രാന്റ് കേന്ദ്രഗവൺമെന്റ് നേരിട്ടുനൽകിയെന്ന് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി രാജ്യസഭയിൽ പെയ്ത പ്രസ്താവന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly